(14) കാരുണ്യ ബെനവലന്റ് ഫണ്ടിലെ അപാകതകൾ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, കേരള സർക്കാർ നടപ്പിലാക്കി വരുന്ന കാരുണ്യ സ്കീമിന്റെ ഇരട്ട നീതിയെ സംബന്ധിച്ചുള്ള സബ്മിഷനാണിത്. സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്നവർക്ക് മരുന്ന് പുരട്ടിയ സ്റ്റെന്റാണ് (DES) ആൻജിയോപ്ലാസ്റ്റിക്ക് വേണ്ടി ഉപയോഗിക്കുന്നത്. എന്നാൽ സഹകരണ ആശുപത്രികളിൽ സാധാരണ മെറ്റൽ സ്റ്റെന്റിന് മാത്രമാണ് തുക അനുവദിക്കുന്നത്. വിദഗ്ധരായ ഇന്റർനാഷണൽ കാർഡിയോളജിസ്റ്റുമാരുടെ അഭിപ്രായം മെറ്റൽ സ്റ്റെന്റ് ഉപയോഗിച്ച് ആൻജിയോപ്ലാസ്റ്റി നടത്തിയാൽ DE സ്റ്റെന്റ് ഉപയോഗിച്ച് ആൻജിയോപ്ലാസ്റ്റി നടത്തുന്നതിനേക്കാൾ ഭാവിയിൽ വീണ്ടും ഹൃദയധമനികളിൽ തടസ്സം വരാൻ സാധ്യത കൂടുതലാണെന്നാണ്. 42000 രൂപ സഹകരണ ആശുപത്രിയുൾപ്പെടുന്ന മേഖലകളിൽ അനുവദിക്കുമ്പോൾ സർക്കാർ ആശുപത്രികളിൽ 65,000 മുതൽ 1,25,000 രൂപ വരെയാണ് അനുവദിക്കുന്നത്. വലിയ വ്യത്യാസമാണ്. അതുപോലെ സർക്കാരിതര ആശുപത്രികളിൽ ഇപ്പോൾ ഓപ്പൺഹാർട്ട് സർജറിക്ക് മാത്രമാണ് അനുമതി നൽകുന്നത്. ഭൂരിഭാഗം രോഗികൾക്കും CABG യോടൊപ്പം തന്നെ ബലൂൺ സർജറി കൂടി വേണ്ടിവരാറുണ്ട്. അതിന് സ്റ്റെന്റിന്റെ ആവശ്യമുണ്ട്. ഇതിന് കാരുണ്യ സ്കീം പ്രകാരം ആനുകൂല്യം ലഭിക്കുന്നില്ല. ഇതേ സ്കീമിന് സർക്കാർ ആശുപത്രികളിൽ 1.25 ലക്ഷം രൂപ അനുവദിക്കുമ്പോൾ സഹകരണ ആശുപത്രികളുൾപ്പെടുന്ന മറ്റ മേഖലകളിൽ 65,000 രൂപ മാത്രമാണ് അനുവദിക്കുന്നത്. സർക്കാർ ആശുപത്രികളിൽ അടിയന്തര സാഹചര്യത്തിൽ ആൻജിയോപ്ലാസ്റ്റി, CABG എന്നിവയ്ക്ക് വിധേയരാകുന്നവർക്ക് 24 മണിക്കൂറിനകം ആനുകൂല്യത്തിന് അപേക്ഷിക്കാമെന്നിരിക്കെ സർക്കാരിതര ആശുപത്രികളിൽ സഹകരണ ആശുപത്രികൾ ഉൾപ്പെടെ അപേക്ഷിക്കാനുള്ള അനുമതിയില്ല. ഈ ഇരട്ട നീതി അവസാനിപ്പിക്കാനും രോഗികൾക്ക് മരുന്ന് പുരട്ടിയ സ്റ്റെന്റ് ഉപയോഗിക്കണമെന്ന കാര്യത്തിലെങ്കിലും ശരിയായ സമീപനം സ്വീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ആൻജിയോപ്ലാസ്റ്റി നടത്തുന്നതിന് സർക്കാർ ആശുപത്രികൾക്ക് Drugs Eluted Stent (DES)-നും സ്വകാര്യ ആശുപത്രികൾക്ക് Bare Metal Stent (BMS)-നും തുക അനുവദിച്ചു വരുന്നു എന്നാണ് സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. Stent Thrombosis റേറ്റിൽ നേരിയ വ്യത്യാസമേ ഉള്ളൂ എന്നിരിക്കേ വിലകൂടിയ DES ഉപയോഗിക്കുമ്പോൾ കൂടുതൽ ചെലവ് സ്വാഭാവികമായി ഉണ്ടാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുപുറമെ DES ഉപയോഗിക്കുന്ന രോഗികളിൽ Adverse Cardiac events-ന്റെ റേറ്റ് കൂടുതലാണെന്ന് ചില സമീപകാല പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. അതിനാൽ മെറ്റൽ സ്റ്റെന്റിനു പകരം എല്ലാ കേസുകളിലും DE സ്റ്റെന്റ് തന്നെ ഉപയോഗപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുവാൻ നിർവ്വാഹമില്ല. കാരുണ്യ ബെനവലന്റ് ഫണ്ട് സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ചിട്ടുള്ള ചികിത്സാ പട്ടികയിലുൾപ്പെട്ട സർക്കാരിതര ആശുപത്രികളിൽ CABG -യോടൊപ്പം IABP കൂടി നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. കാരുണ്യബെനവലന്റ് ഫണ്ട് അക്രഡിറ്റേഷൻ വേണ്ടി സർക്കാരിതര ആശുപത്രികളുമായി ബന്ധപ്പെട്ട് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ അഡ്മിനിസ്ട്രേറ്ററും, അക്രഡിറ്റഡ് ആശുപത്രികളുടെ മാനേജ്മെന്റും തമ്മിലുള്ള Memorandum of Understanding (MoU) അനുസരിച്ചാണ് തുക അനുവദിക്കുന്നത്. അതിൻപ്രകാരമാണ് സർക്കാരിതര ആശുപത്രികൾക്ക് 65,000 രൂപ അനുവദിച്ചുവരുന്നത്.

സർക്കാരിതര ആശുപത്രികളിൽ അടിയന്തിര ചികിത്സയ്ക്ക് നിലവിൽ വ്യവസ്ഥയില്ല. അടിയന്തിര ചികിത്സാ സംവിധാനം സർക്കാരിതര ആശുപത്രികൾ ദുരുപയോഗപ്പെടുത്താൻ സാധ്യതയുണ്ടെന്ന് മുന്നിൽ കണ്ടുകൊണ്ടാണ് ഇത് ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ അടിയന്തിര ചികിത്സ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഏറ്റവും അടുത്തുള്ള വിദഗ്ധ സൗകര്യങ്ങളുള്ള സർക്കാർ ആശുപത്രികളിലേക്ക് രോഗികളെ റഫർ ചെയ്യണമെന്നാണ് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ നിലവിലുള്ള വ്യവസ്ഥ. ഇതിൻപ്രകാരം നിർദ്ധനരായ ഭൂരിഭാഗം രോഗികൾക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ കഴിയും.

(15) പാലം പുനർനിർമ്മാണം

<u>ശ്രീ. വി. ശശി</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറ്റുമുക്ക് പുത്തൻതോപ്പ് പാലം തകർന്നിട്ട് ഇന്ന് ഒരു വർഷം തികയുകയാണ്. അതുവഴിയുള്ള ഗതാഗതം നിർത്തിവച്ചിരിക്കുകയാണ്. പൊതുജനങ്ങളും വിദ്യാർത്ഥികളുമനുഭവിക്കുന്ന യാത്രാക്ലേശത്തിന് അടിയന്തര പരിഹാരമാവശ്യപ്പെട്ടുകൊണ്ട് മൂന്നാമത്തെ സബ്മിഷനാണ് ഞാൻ ഈ സഭയിൽ അവതരിപ്പിക്കുന്നത്. നിലവിലുള്ള പാലം പൊളിച്ചുമാറ്റി പുതിയ പാലം നിർമ്മിക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഞാൻ ഈ ആവശ്യമുന്നയിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയെ കണ്ടിരുന്നു. അദ്ദേഹം സ്നേഹപൂർവ്വം "ആദ്യമായി എം.എൽ.എ. ഉന്നയിക്കുന്ന ഒരു ആവശ്യമാണ്, പരിഗണിച്ചിരിക്കും" എന്ന് എനിക്ക് വാക്ക് തരികയുണ്ടായി. അങ്ങ് നിർദ്ദേശിച്ച പ്രകാരം ഞാൻ ആ ഫയൽ ധനകാര്യ വകുപ്പിലെ പ്രൈവറ്റ് സെക്രട്ടറിയെ

LIBRARY ARCHIVES Kerala Legislative Assembly